(സി&ഡി) 2014-15 വർഷത്തിൽ 115 കോടി രൂപയുടെ ശിപാർശ സർക്കാരിലേക്ക് സമർപ്പിക്കുകയും, 92.5 കോടി രൂപ ബഡ്ജറ്റിൽ അനുവദിക്കുകയും ചെയ്തു. ഇതിനകം മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

കോർപ്പസ് ഫണ്ട്

306 (971) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിൽ പട്ടികജാതി ക്ഷേമത്തിനായുള്ള കോർപ്പസ് ഫണ്ടിൽ 2014-15 സാമ്പത്തിക വർഷം ഏതെല്ലാം പ്രോജക്ടുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ; ഇതിൽ ഓരോന്നിനും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കോഴിക്കോട് ജില്ലയിൽ പട്ടികജാതി ക്ഷേമത്തിനായുള്ള കോർപ്പസ് ഫണ്ടിൽ 2014-15 സാമ്പത്തികവർഷം അനുമതി നൽകിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹ ധനസഹായം

307 (973) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 50,000 രൂപവരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിലെ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ധനസഹായത്തിനായി 2013-14-ലെ ബഡ്ജറ്റ് വിഹിതം എത്രയായിരുന്നു ; അതിൽ എത്ര തുക ചെലവഴിച്ചു ;

(ബി) 2014-15-ൽ ഇതിനായി എത്ര തുകയാണ് നീക്കിവെച്ചതെന്നും അതിൽ ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതിക്കുവേണ്ടി 2013-14 വർഷം ബഡ്ജറ്റിൽ 2000 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി തുകയ്ക്ക് പുറമെ 4571.15 ലക്ഷം രൂപ റീ-അപ്രോപ്രിയേഷനിലൂടെ അനുവദിക്കുകയും പ്രസ്തുത തുക ചെലവഴിക്കുകയും ചെയ്തു. ഇതിനുപുറമെ 1183.65 ലക്ഷം രൂപ വീണ്ടും റീ-അപ്രോപ്രിയേഷനിലൂടെ അനുവദിക്കുകയും പ്രസ്തുത തുക ST SB-19-ൽ നിക്ഷേപിക്കുകയും 2014-15 സാമ്പത്തികവർഷത്തിൽ ചെലവഴിക്കുകയും ചെയ്തു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly